**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4059** **24.06.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള അധികച്ചെലവ്**

**ചോദ്യം**

**ശ്രീ.റോജി എം. ജോൺ**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**

**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | നടപ്പ് സാമ്പത്തികവർഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു വ്യക്തിക്ക് വീട് പണിയുന്നതിനായി എത്ര ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്; ഇത് പര്യാപ്തമാണെന്ന് സർക്കാരിന് അഭിപ്രായമുണ്ടോ; | എ) | പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. 2018-19 വർഷം മുതൽ ലൈഫ് മിഷൻ പദ്ധതി പ്രകാരമാണ് പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണ ധനസഹായം നൽകി വരുന്നത്. ലൈഫ് മിഷൻ പദ്ധതി പ്രകാരം വിവിധ വകുപ്പുകൾ നൽകി വന്നിരുന്ന ഭവന നിർമ്മാണ ധനസഹായ തുകകൾ ഏകീകരിച്ച് 4 ലക്ഷമായി നിജപ്പെടുത്തിയിട്ടുണ്ട്.<br><br>2018-19 വർഷം മുതൽ പട്ടികവർഗ്ഗക്കാർക്ക് വീടുകൾ അനുവദിക്കുന്നത് ലൈഫ് മിഷൻ പദ്ധതിൽപ്പെടുത്തിയാണ്. ലൈഫ് മിഷൻ പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകൾക്ക് യൂണിറ്റ് നിരക്ക് 6 ലക്ഷം രൂപയും, പട്ടികവർഗ്ഗ സങ്കേതങ്ങൾക്കു പുറത്ത് താമസിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് 4 ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. അതീവ ദുർഘട പ്രദേശങ്ങളിൽ 20% വരെ അധികമായി നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |
| ബി) | നഗരപ്രദേശങ്ങളിൽ നിന്നും വിട്ടുമാറി ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള അധികച്ചെലവ് (നിർമ്മാണ സാമഗ്രികൾ വീട് നിർമ്മിക്കുന്ന സ്ഥലത്ത് എത്തിക്കുന്നതിനുള്ള | ബി) | പട്ടികവർഗ്ഗ സങ്കേതങ്ങൾക്കു പുറത്ത് (നഗര പ്രദേശങ്ങൾ ഉൾപ്പെടെ) താമസിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് അനുവദിക്കുന്ന വീടുകൾക്ക് യൂണിറ്റ് നിരക്ക് 4 ലക്ഷം രൂപയാണ്. ഒരു ഗുണഭോക്താവ് നഗരപ്രദേശത്തു നിന്നും മാറി വിദൂര സ്ഥിത സങ്കേതങ്ങളിലാണോ ദുർഘടപ്രദേശങ്ങളിലാണോ താമസിക്കുന്നത് |

| | | | |
|---|---|---|---|
| | ചെലവ്) കണക്കിലെടുത്ത് ഇവർക്ക് കൂടുതൽ തുക അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ? | | എന്ന് സംശയം ഉണ്ടാകുന്ന സാഹചര്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഐ.ടി.ഡി.പി പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാവുന്നതും, അതിൽ പ്രകാരം ധനസഹായം അനുവദിക്കുന്നതുമാണ്. ഇക്കാര്യത്തിൽ നിർമ്മാണ സാമഗ്രികൾ നിർമ്മാണ സ്ഥലത്ത് എത്തിക്കുന്നതിനുള്ള അധിക ചെലവ് കണക്കിലെടുത്ത് അപ്രകാരം അതീവ ദുർഘട പ്രദേശങ്ങളിൽ 20% വരെ അധികമായി അനുവദിച്ചുവരുന്നു. |

Hari

**സെക്ഷൻ ഓഫീസർ**